പ്രസിദ്ധീകരണത്തിന്

മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് മുന്നാക്കവികസനക്ഷേമകോർപ്പറേഷൻവഴി ലഭിച്ചുവന്നിരുന്ന സ്കോളർഷിപ്പ് ഈ സാമ്പത്തികവർഷം സംസ്ഥാനസർക്കാർ നിഷ്കരുണം നിഷേധിച്ചിരിക്കുകയാണ്. വർഷങ്ങളായി മുടങ്ങാതെ നല്കിവന്നിരുന്ന സ്കോളർഷിപ്പുകളാണ് സർക്കാർ ഇക്കൊല്ലം നിരസിച്ചിരിക്കുന്നത്. ഇക്കൊല്ലം 17 കോടി രൂപ ഇതിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നതാണ്. എന്നാൽ, പ്രളയക്കെടുതി മൂലം അതിൽ 20 ശതമാനം വെട്ടിക്കുറച്ചുള്ള തുകയാണ് ഈ വർഷം കൊടുക്കാൻ സർക്കാർ തീരുമാനിച്ചിരുന്നത്. തുക കുറഞ്ഞതിനാൽ ഹൈസ്ക്കൂൾ വിദ്യാർത്ഥികളെ ഒഴിവാക്കിയാണ് അപേക്ഷ ക്ഷണിച്ച് പട്ടിക തയ്യാറാക്കിയത് എന്നറിയുന്നു. ഹൈസ്ക്കൂൾ വിദ്യാർത്ഥികളെ ഒഴിവാക്കി അപേക്ഷ ക്ഷണിച്ച് പട്ടിക തയ്യാറാക്കിയ മുന്നാക്കവികസനക്ഷേമകോർപ്പറേഷന്റെ നടപടി ഒരുതരത്തിലും ന്യായീകരിക്കാവുന്നതല്ല. ഹയർ സെക്കണ്ടറി, ഡിഗ്രി പ്രൊഫഷണൽ, ഡിഗ്രി നോൺ പ്രൊഫഷണൽ, പി.ജി. പ്രൊഫഷണൽ, പി.ജി. നോൺ പ്രൊഫഷണൽ, ഐ.ഐ.ടി., സി.എ., ഡിപ്ലോമ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിച്ചാണ് പട്ടിക നല്കിയിരിക്കുന്നത്. ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പുതന്നെ അവർക്ക് നല്കേണ്ട തുകയാണ് സർക്കാർ അന്യായമായി തടഞ്ഞുവച്ചിരിക്കുന്നത്. ഇത് തികച്ചും വിവേചനാപരവും അധാർമ്മികവുമാണ്. മാർച്ച് 31-ന് മുമ്പുതന്നെ സ്കോളർഷിപ്പുകൾ നല്കാനുള്ള സത്വരനടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

പെരുന്ന
19.3.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി